## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ലോകപ്രകാരം നേടുന്നതുതൊന്നും ശാശ്വതമല്ലന്നെതാണ് ഇതിന്റെ അടിസ്ഥാന വസ്തുത, അത് കേവലം താൽക്കാലികമാണ്. മനുഷ്യൻ രാപ്പകൽ അദ്ധ്വാനിച്ച് കഷ്ടപ്പെട്ടു നേടുന്നതെല്ലാം എത്രത്തോളം നിലനിൽക്കും. യഥാർത്ഥമായ ആവശ്യത്തിന്റെ വേളകളിൽ അവയൊന്നും നമ്മെ സഹായിക്കുകയില്ല. നാം ഒരിടത്ത് ഏകനായിരിക്കുമ്പോൾ, ഒരു ആപത്തിൽ അകപ്പെടുമ്പോൾ, തീരാവ്യാധിക്ക് വിധേയമായി തീരുമ്പോൾ, നമ്മുടെ സമ്പത്തും സ്നേഹിതരും പണവും പ്രതാപവും സ്ഥാനവും മഹിമയും വീട്ടിലെ അതിമനോഹരമായ ഉപകരണങ്ങളും ഒന്നും നമുക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. മാത്രമല്ല, ചിലപ്പോൾ അവയെല്ലാം നമുക്ക് കൂടുതൽ വേദനയ്ക്കു മുഖാന്തരമായി തീരാനും ഇടയുണ്ട്. ആ വിധത്തിൽ എത്തുമ്പോഴാണ്,

ഈ ലോകത്തിന്റേതായ കാര്യങ്ങളുടെ പ്രയോജനരാഹിത്യവും മററും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. എന്നാൽ ജീവിതത്തിന്റെ ഏതൊരു രംഗത്തും നമ്മെ സഹായിപ്പാൻ ഒരുക്കമുള്ളവനായി ഒരുവൻ നമ്മോടുകൂടെ ഉണ്ട്. അത് നമ്മുടെ നല്ല ഇടയനായ യേശുവാണ്. ക്ഷേമമായും സുഖമായിരിക്കുമ്പോൾ മാത്രം നമ്മോടുകൂടെയിരുന്ന് നമ്മെ സഹായിക്കുന്നവനല്ല കർത്താവ്. കഷ്ടകാലത്തിലും അവൻ അടുത്ത തുണയാണ്. മരണനിഴലിൽ താഴ്വരയിലും അവൻ കൂടെയുണ്ട്. ജീവിതത്തിന്റെ രംഗത്തു മാത്രമല്ല അവൻ നമ്മെ സഹായിക്കുന്നത്. മരണരംഗത്തും അവൻ നമ്മെ കൈപിടിച്ച് നിത്യതയിലേക്ക് നയിക്കുന്നു. എത്ര ആശ്വാസപ്രദമായ വസ്തുത. ഇത് വ്യക്തമായും മനസ്സിലാക്കിയ സങ്കീർത്തനക്കാരൻ പറയുന്നത്, 'ഈ ഭൂമിയിൽ നിന്നെയല്ലാതെ (ദൈവത്തെയല്ലാതെ) മറെറാന്നും ആഗ്രഹിക്കുന്നില്ല' എന്നാണ്. സങ്കീർത്തനങ്ങൾ 72:25 സംതൃപ്തി നൽകുന്നത് യേശു മാത്രമാണ്.

നാം ജീവിതത്തിൽ സംതൃപ്തനാണോ? അല്ലെങ്കിൽ ഇപ്പോൾ തന്നെ ഈ നല്ല ഇടയനായ യേശുവിന്റെ അടുക്കലേക്ക് വരിക. ഈ ലോകത്തിൽ എന്തെല്ലാം സംഭവിക്കട്ടെ, നമ്മുടെ ജീവിതത്തിൽ എന്തും സംഭവിക്കട്ടെ, നമുക്ക് തികച്ചും സംതൃപ്തരായിരിപ്പാൻ കഴിയും. പച്ചപുൽപുറത്ത് കിടക്കുന്ന അനുഭവത്തിൽ നിലനിൽപ്പാൻ സാധിക്കും. സങ്കീർത്തനത്തിൽ വീണ്ടും നാം വായിക്കുന്നത് 'പാറയിൽ നിന്നുള്ള തേൻകൊണ്ട് അവൻ നമുക്ക് തൃപ്തി വരുത്തുന്നു എന്നാണ്. സങ്കീർത്തനം 81:16 പാറയിൽ നിന്നുള്ള തേൻ നമ്മുടെ കർത്താവായ യേശു തന്നെയാണ്. യേശുവാണ് ജീവിതത്തിന് തൃപ്തി നൽകുന്നവൻ, അവന്റെ അടുക്കലേക്ക് വരിക.

തുടരും....